സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


**പീഡനപരാതി: നടൻ സിദ്ദിഖിന്റെ അറസ്റ്റ് രേഖപ്പെടുത്തി; ഉടൻ കോടതിയിൽ ഹാജരാക്കും**

തിരു : പീഡനപരാതിയിൽ ചോദ്യം ചെയ്യലിനായി അന്വേഷണസംഘത്തിന് മുന്നിൽ ഹാജരായ നടൻ സിദ്ദിഖിന്റെ അറസ്റ്റ് രേഖപ്പെടുത്തി. തിരുവനന്തപുരം നാർകോട്ടിക് സെൽ അസിസ്റ്റന്റ് കമ്മീഷണർക്ക് മുന്നിൽ ഹാജരായപ്പോഴാണ് സിദ്ദിഖിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. മകൻ ഷഹീൻ സിദ്ദിഖിനൊപ്പമാണ് താരം തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെത്തിയത്. നേരത്തേ സുപ്രീം കോടതിയിൽ നിന്ന് സിദ്ദിഖ് മുൻകൂർ ജാമ്യമെടുത്തിരുന്നു. ജാമ്യ വ്യവസ്ഥയുടെ ഭാഗമായാണ് നടൻ ഹാജരായത്. അറസ്റ്റ് രേഖപ്പെടുത്തി വിചാരണകോടതിയിൽ ഹാജരാക്കി ജാമ്യം നൽകണമെന്ന വ്യവസ്ഥ നടപ്പാക്കാനായി സിദ്ദിഖിനെ വൈദ്യപരിശോധനയ്ക്ക് ശേഷം മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കും.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com | വാല്യം: 59 | ലക്കം: 208 | 2024 ഡിസംബർ 06 വെള്ളി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## നവീൻബാബുവിന്റെ മരണം:

# കേസ് ഡയറി പഠിക്കാൻ കോടതി, 12ന് വിശദ വാദം



കൊച്ചി: എ.ഡി.എം.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ഭാര്യ മഞ്ജുഷ നൽകിയ ഹർജിയിൽ ഡിസംബർ 12-ന് ഹൈക്കോടതി വിശദമായ വാദം കേൾക്കും. കേസ് അന്വേഷണം ശരിയായ ദിശയിൽ ആണോ എന്ന് അന്വേഷിക്കാമെന്ന് കോടതി പറഞ്ഞു. അന്വേഷണം പക്ഷപാതപരമെന്ന് പറയണമെങ്കിൽ അതിന് തെളിവ് വേണമെന്നും കോടതി കൂട്ടിച്ചേർത്തു. ജസ്റ്റിസ് കൗസർ എടപ്പകത്താണ് ഹർജി പരിഗണിച്ചത്.

കേസ് അന്വേഷിക്കാൻ സി.ബി.ഐ. വരേണ്ടതുണ്ടോ എന്ന് പരിശോധിക്കാമെന്നാണ് കോടതി വ്യക്തമാക്കിയിട്ടുള്ളത്. ഇതിനായി കേസ് ഡയറി കോടതി വിശദമായി പഠിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേസ് സി.ബി.ഐക്ക് കൈമാറണമെങ്കിൽ കോടതിക്ക് അതിന് ആവശ്യമായ തെളിവുകൾ വേണം. അന്വേഷണം ശരിയായ ദിശയിലില്ല നടക്കുന്നത് എന്നും വീഴ്ചകളുണ്ടെന്നും തെളിഞ്ഞാൽ മാത്രമേ മറ്റൊരു ഏജൻസിക്ക് കൈമാറാനാകൂ. കേസ് ഡയറി വിശദമായി പരിശോധിച്ചാൽ മാത്രമേ ഇക്കാര്യം വ്യക്തമാകുകയുള്ളൂ എന്നും കോടതി പറഞ്ഞു.

കേസുമായി ബന്ധപ്പെട്ട് ആരുടെയൊക്കെ മൊഴി എടുത്തു, എന്തൊക്കെ തെളിവുകൾ ശേഖരിച്ചു തുടങ്ങി മുഴുവൻ കാര്യങ്ങളും കേസ് ഡയറിയിലുണ്ടാകും. കേസ് അന്വേഷണത്തിന് സി.ബി.ഐ. വരേണ്ടതുണ്ടെങ്കിൽ അതിനുള്ള കാരണം വേണം. അത് കേസ് ഡയറി പരിശോധിച്ച് മനസ്സിലാക്കാമെന്നാണ് ജസ്റ്റിസ് കൗസർ എടപ്പകത്ത് വ്യക്തമാക്കിയിരിക്കുന്നത്.

പോസ്റ്റ് മോർട്ടം റിപ്പോർട്ടിലെ കണ്ടെത്തൽ എന്താണെന്നും സർക്കാരിനോട് കോടതി ആരാഞ്ഞു. പുറമേനിന്നുള്ള മുറിവുകളൊന്നും നവീൻബാബുവിന്റെ ദേഹത്ത് ഉണ്ടായിരുന്നില്ലെന്ന് സർക്കാർ അറിയിച്ചു. കൊലപാതകമാണെന്ന് സംശയമുണ്ടെങ്കിൽ പ്രതിയുടെ ജാമ്യഹർജി പരിഗണനയ്ക്ക് വന്ന ഘട്ടത്തിൽ എന്തുകൊണ്ട് അതിനെ ആ രീതിയിൽ എതിർത്തില്ലെന്ന് കോടതി ഹർജിക്കാരോട് ആരാഞ്ഞു.

അന്വേഷണം തൃപ്തികരമാണെന്നും കേസ് സി.ബി.ഐ. അന്വേഷിക്കേണ്ടതില്ലെന്നും യാതൊരു വീഴ്ചയും ഇതുവരെ സംഭവിച്ചിട്ടില്ലെന്നും പറയുന്ന സത്യവാങ്മൂലം സർക്കാർ കോടതിയിൽ സമർപ്പിച്ചിരുന്നു. കേസ് രേഖകൾ ഉൾപ്പെടെ പരിശോധിച്ച് കോടതിക്ക് ഉചിതമായ തീരുമാനം എടുക്കാമെന്നും സർക്കാർ സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു.

### വന്ദേഭാരത് കേരളത്തിലേക്ക്: മലയാളികൾക്ക് നേട്ടമാകുന്ന സർവീസ്

കോഴിക്കോട്: ഗോവയിൽ നിന്ന് മംഗലാപുരത്തേക്ക് സർവീസ് നടത്തുന്ന വന്ദേഭാരത് എക്സ്പ്രസ് കോഴിക്കോടേക്ക് നീട്ടുമെന്ന പ്രഖ്യാപനം മാസങ്ങൾക്ക് മുമ്പ് പുറത്തുവന്നിരുന്നു. എന്നാൽ ഇക്കാര്യത്തിൽ പിന്നീട് അനക്കമൊന്നുമുണ്ടായിരുന്നില്ല. ഇപ്പോഴിതാ കോഴിക്കോട്ടേക്ക് സർവീസ് ദീർഘിപ്പിക്കുന്ന കാര്യത്തിൽ റെയിൽവെ നടപടികൾ പുരോഗമിക്കുകയാണെന്ന് എംകെ രാഘവൻ എംപി അറിയിച്ചു. കേന്ദ്ര റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവുമായി നടത്തിയ ചർച്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയെന്ന് എംപി പറഞ്ഞു.

ഈ വന്ദേഭാരത് സർവീസ് കേരളത്തിലേക്ക് സർവീസ് നടത്തുന്നതോടെ സംസ്ഥാനത്തെ ആകെ വന്ദേഭാരതുകളുടെ എണ്ണം മൂന്നാവും. അടുത്തിടെ കൊച്ചിയിൽ നിന്നും ബംഗളൂരുവിലേക്ക് സ്പെഷ്യൽ സർവീസ് നടത്തിയെങ്കിലും പിന്നീട് അത് നിർത്തുകയായിരുന്നു. നിലവിൽ ഗോവയിൽ നിന്നും മംഗളൂരുവിലേക്ക് സർവീസ് നടത്തുന്ന വന്ദേഭാരത് നഷ്ടത്തിലാണെന്നാണ് റിപ്പോർട്ട്. മിക്ക ദിവസങ്ങളിലും പകുതി സീറ്റ് കാലിയായിട്ടാണ് സർവീസ് നടത്തുന്നത്. ഇത് കേരളത്തിലേക്ക് നീട്ടുന്നതോടെ ലാഭത്തിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ സമയക്രമം നടപ്പാക്കുന്ന കാര്യത്തിലാണ് ഇപ്പോൾ ചർച്ച നടക്കുന്നത്. അത് പൂർത്തിയാകുന്നതോടെ കോഴിക്കോട്ടേക്ക് ദീർഘിപ്പിക്കുമെന്ന് എംപി അറിയിച്ചു. ഗോവ- മംഗളൂരു വന്ദേഭാരത് എക്സ്പ്രസ് കോഴിക്കോട്ടേക്ക് സർവീസ് നടത്തുന്നതിൽ മന്ത്രി അശ്വനി വൈഷ്ണവ് അനുകൂല നിലപാടാണ് സ്വീകരിച്ചതെന്ന് ബിജെപി ദേശീയ നിർവാഹക സമിതി അംഗം പികെ കൃഷ്ണദാസും പറഞ്ഞിരുന്നു.

## വയനാടിന് സഹായം: കേരളം റിപ്പോർട്ട് സമർപ്പിച്ചത് നവംബർ 13-ന് മാത്രമെന്ന് അമിത് ഷാ

ന്യൂഡൽഹി: ദുരന്തബാധിത വയനാടിന് സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള വിശദ റിപ്പോർട്ട് നവംബർ 13-ന് മാത്രമാണ് കേരളം കൈമാറിയതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. വയനാട് എം.പി. പ്രിയങ്കാ ഗാന്ധിക്ക് നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സംസ്ഥാനം സമർപ്പിച്ച റിപ്പോർട്ട് മന്ത്രിതല സമിതി പരിശോധിച്ചുവരികയാണെന്നും അമിത് ഷാ പറഞ്ഞു.

വയനാടിന് സഹായം അഭ്യർഥിച്ചുകൊണ്ട് പ്രിയങ്കാ ഗാന്ധിയുടെ നേതൃത്വത്തിൽ കേരളത്തിൽനിന്നുള്ള സംഘം കഴിഞ്ഞദിവസം അമിത് ഷായെ കണ്ടിരുന്നു. വിഷയം വിശദമായി പരിശോധിച്ചശേഷം മറുപടി നൽകാമെന്ന് അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മറുപടിയിലാണ് ഇക്കാര്യമുള്ളത്.

കേരളം സമർപ്പിച്ച റിപ്പോർട്ട് വിവിധ മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന സമിതി പരിശോധിച്ചുവരികയാണെന്നും സമിതിയുടെ തീരുമാനം വൈകാതെയുണ്ടാകുമെന്നും അമിത് ഷായുടെ മറുപടിയിലുണ്ട്. സർക്കാർ റിപ്പോർട്ട് നൽകാൻ വൈകിയതിനാലാണ് കേന്ദ്രം സഹായം അനുവദിക്കാൻ വൈകുന്നതെന്നാണ് മറുപടിയിലുള്ള സൂചന. സഭാ സമ്മേളനം ആരംഭിച്ചതിന് ശേഷം ഇതിനകം രണ്ടുതവണ വയനാട് സഹായവുമായി ബന്ധപ്പെട്ട് കേന്ദ്രം വിശദീകരണം നൽകിയിരുന്നു.

ജൂലൈ 30-നാണ് വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടലുണ്ടായത്. നാനൂറിലധികം പേർക്ക് ദുരന്തത്തിൽ ജീവൻ നഷ്ടമാവുകയും നിരവധിപ്പേരെ കാണാതാവുകയും ചെയ്തിരുന്നു.

## അഭിഷേക് സിങ്‌വിയുടെ ഇരിപ്പിടത്തിൽനിന്ന് നോട്ടുകെട്ട് കണ്ടെത്തിയെന്ന് സഭാധ്യക്ഷൻ; നിഷേധിച്ച് എംപി



ന്യൂഡൽഹി: രാജ്യസഭയിലെ മുതിർന്ന കോൺഗ്രസ് നേതാവ് അഭിഷേക് മനു സിങ്‌വി എം.പിയുടെ ഇരിപ്പിടത്തിൽനിന്ന് നോട്ടുകെട്ടുകൾ ലഭിച്ചതായി സഭാധ്യക്ഷൻ ജഗദീപ് ധൻകർ. പതിവ് പരിശോധനയ്ക്കിടെയാണ് നോട്ടുകെട്ട് കണ്ടെത്തിയതെന്നും അദ്ദേഹം സഭയെ അറിയിച്ചു. സംഭവത്തിൽ അന്വേഷണം നടക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

'സഭ നിർത്തിവെച്ചതിന് പിന്നാലെ നടത്തിയ പതിവ് പരിശോധനയിൽ സീറ്റ് നമ്പർ 222-ൽ നിന്ന് നോട്ടുകെട്ടുകൾ ലഭിച്ചു. ഈ സീറ്റ് നിലവിൽ അനുവദിച്ചിരിക്കുന്നത് തെലങ്കാനയിൽനിന്നുള്ള അംഗം അഭിഷേക് മനു സിങ്‌വിക്കാണ്. ഇക്കാര്യത്തിൽ നിയമപരമായ അന്വേഷണം നടത്തിവരികയാണ്', എന്നായിരുന്നു സഭാധ്യക്ഷനായ ഉപരാഷ്ട്രപതി ജഗദീപ് ധൻകർ സഭയെ അറിയിച്ചത്.

ഇതിന് പിന്നാലെ പ്രതിഷേധവുമായി കോൺഗ്രസ് അംഗങ്ങൾ രംഗത്തെത്തി. അന്വേഷണം പൂർത്തിയാവുന്നതിന് മുമ്പ് നിഗമനത്തിലെത്തരുതെന്ന് കോൺഗ്രസ് അധ്യക്ഷനും രാജ്യസഭയിലെ പ്രതിപക്ഷനേതാവുമായ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. പിന്നാലെ സഭയിൽ ബഹളമായി.

അതേസമയം, ആരോപണം അഭിഷേക് സിങ്‌വി നിഷേധിച്ചു. 'രാജ്യസഭയിൽ പോയപ്പോൾ എന്റെ കൈയിൽ 500 രൂപ മാത്രമാണ് ഉണ്ടായിരുന്നത്. ഞാൻ സഭയിൽ എത്തിയത് 12.57-നാണ്. ഒരുമണിക്ക് സഭ പിരിഞ്ഞു. പിന്നീട് 1.30-വരെ ഞാൻ അയോധ്യ എം. പി. അവധേഷ് പ്രസാദിനൊപ്പം പാർലമെന്റ് ക്യാന്റീനിലായിരുന്നു', അദ്ദേഹം വ്യക്തമാക്കി.

## ദിലീപിന് ശബരിമലയിൽ പ്രത്യേക പരിഗണന?; വിമർശനവുമായി ഹൈക്കോടതി, ദേവസ്വം ബോർഡിനോട് വിശദീകരണം തേടി



ശബരിമല: നടൻ ദിലീപിന് ശബരിമലയിൽ വി.ഐ.പി. പരിഗണന നൽകിയതിൽ വിമർശനവുമായി ഹൈക്കോടതി. സംഭവത്തിൽ ദേവസ്വം ബോർഡിനോട് കോടതി വിശദീകരണം തേടി. സന്നിധാനത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ ഹാജരാക്കാനും ഹൈക്കോടതിയുടെ നിർദേശമുണ്ട്.

ശബരിമലയിൽ ആർക്കും പ്രത്യേക പരിഗണന നൽകരുതെന്ന് കോടതി നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അവിടെ എത്തുന്ന എല്ലാ ഭക്തരും സമന്മാരാണ്. എല്ലാവർക്കും വിർച്വൽ ക്യൂ വഴിയാണ് അവിടെ ദർശനം അനുവദിക്കുന്നത്. അതുകൊണ്ട് ആ രീതിക്ക് കാര്യങ്ങൾ നടക്കണമെന്നും കോടതി നേരത്തെ വ്യക്തമാക്കിയിരുന്നു. വ്യാഴാഴ്ച സുനിൽ സ്വാമിയുടെ കേസിന്റെ വിധിന്യായം പുറത്തുവന്നപ്പോൾ അതിലും ഇക്കാര്യം കോടതി എടുത്തുപറഞ്ഞിരുന്നു.

വ്യാഴാഴ്ച രാത്രിയാണ് നടൻ ദിലീപ് ശബരിമലയിൽ ദർശനം നടത്തിയത്. ദേവസ്വം ബോർഡിന്റെ ഉദ്യോഗസ്ഥർ ദിലീപിനെ അനുഗമിക്കുകയും ശ്രീകോവിലിന്റെ മുന്നിലെത്തിച്ച് ദർശനം നടത്തിപ്പോകാനുള്ള അവസരം ഒരുക്കിയെന്നുമുള്ള ആക്ഷേപമാണ് ഉയർന്നിട്ടുള്ളത്. ഇക്കാര്യം പരിശോധിക്കാനൊരുങ്ങുകയാണ് കോടതി. അതിന്റെ ഭാഗമായാണ് സന്നിധാനത്തെയും അപ്പർ തിരുമുറ്റത്തെയും സി.സി.ടി.വി. ദൃശ്യങ്ങൾ ഹാജരാക്കാൻ കോടതി നിർദേശിച്ചത്. എന്തെങ്കിലും ക്രമവിരുദ്ധമായി കണ്ടെത്തുന്ന പക്ഷം നടപടിയുണ്ടാകും.

### ഇവൾ പുലിക്കുട്ടി; 60 അടി ഉയരത്തിൽ ജയന്റ് വീലിൽ നിന്ന് വീണു, കമ്പിയിൽ തൂങ്ങി രക്ഷപ്പെട്ട് 13കാരി

ഉത്തർപ്രദേശ്: ജയന്റ് വീലിൽ 60 അടി ഉയരത്തിൽനിന്ന് വീണ 13-കാരി അത്ഭുതകരമായി രക്ഷപ്പെട്ടു. ജയന്റ് വീലിന്റെ കമ്പിയിൽ തൂങ്ങിക്കിടന്നാണ് പെൺകുട്ടി രക്ഷപ്പെട്ടത്. ഉത്തർപ്രദേശിലെ ലഖിംപുർ ഖേരി ജില്ലയിലെ രഖേട്ടി ഗ്രാമത്തിലാണ് അപകടം നടന്നത്. ജയന്റ് വീൽ കറങ്ങുന്നതിനിടെ പെട്ടെന്നുണ്ടായ കുലുക്കത്തിൽ ബാലൻസ് തെറ്റിയാണ് പെൺകുട്ടി ഇരിപ്പിടത്തിൽ നിന്ന് പുറത്തേക്ക് വീണത്.

വീലിന്റെ കമ്പിയിൽ പിടികിട്ടിയതിനാൽ താഴേക്ക് വീണില്ല. തുടർന്ന് ഓപ്പറേറ്റർ ജയന്റ് വീൽ പതിയെ കറക്കിയാണ് പെൺകുട്ടിയെ താഴെ എത്തിച്ചത്. എന്നാലിവിടെ ജയന്റ് വീൽ പ്രവർത്തിപ്പിക്കാൻ അനുവാദമുണ്ടായിരുന്നില്ല എന്ന് അധികൃതർ പറയുന്നു. അതേസമയം, ആരുടെ അനുമതിയിലാണ് ജയന്റ് വീൽ പ്രവർത്തിപ്പിച്ചതെന്ന് അന്വേഷിക്കുമെന്ന് സബ് ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് രാജീവ് നിഗം അറിയിച്ചു.

## ജാംബവാന്റെ കാലത്തല്ല ഞാൻ ജീവിക്കുന്നത്, ബാബറി മാസ്ജിദ് തകർത്ത സംഭവത്തിൽ ആര്യാ രാജേന്ദ്രൻ



തിരു: ബാബറി മസ്ജിദ് തകർക്കപ്പെട്ടതിന്റെ വാർഷികദിനത്തിൽ ഫേസ്ബുക്ക് പോസ്റ്റുമായി തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ. "ജാംബവാന്റെ കാലത്തല്ല, ഞാനും നിങ്ങളും ജീവിച്ചിരിക്കുന്ന ഈ കാലത്ത് ഇന്ത്യയുടെ ഹൃദയത്തിലേറ്റ മുറിവിന്റെ പേരാണ് ബാബറി!" എന്നാണ് ആര്യയുടെ കുറിപ്പ്.

അതേസമയം, ശബരിമലയിൽ ഇന്ന് ശക്തമായ സുരക്ഷ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ബാബറി മസ്ജിദ് തകർക്കപ്പെട്ടതിന്റെ വാർഷിക ദിനമായതിനാൽ പൊലീസും കേന്ദ്രസേനയും ചേർന്നാണ് സംയുക്ത സുരക്ഷ തീർക്കുന്നത്. പമ്പ മുതൽ സന്നിധാനം വരെ അതീവ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ശബരിമല സന്നിധാനം 17 അംഗ കമാൻഡോ ടീമിന്റെ നിയന്ത്രണത്തിലാണ്. പതിനെട്ടാം പടി കയറി സന്നിധാനത്തെത്തുന്ന തീർത്ഥാടകരെ കൂടുതൽ സമയം നിൽക്കാൻ അനുവദിക്കില്ല. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി ഹെലികോപ്ടറിൽ ആകാശ നിരീക്ഷണവും നടത്തും.

മണ്ഡലകാലത്തെ ആദ്യ 20 ദിനങ്ങളിൽ നീക്കം ചെയ്തത് 1640 ലോഡ് മാലിന്യം. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ നിന്നാണ് വിശുദ്ധി സേനയും ദേവസ്വം ബോർഡിന്റെ പവിത്രം ശബരിമല പദ്ധതിയും ചേർന്ന് മാലിന്യം നീക്കംചെയ്തത്. പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയിലെ വിശുദ്ധിസേന വോളണ്ടിയർമാരാണ് മാലിന്യം നീക്കം ചെയ്യുന്നത്. 35 ലോഡു മാലിന്യമാണ് സന്നിധാനത്ത് നിന്നും ദിവസവും നീക്കം ചെയ്യുന്നത്.

5 ട്രാക്ടറുകളിൽ അപ്പാച്ചിമേട് മുതൽ പാണ്ടിത്താവളം വരെയുള്ള പ്രദേശങ്ങളിലെ മാലിന്യം ശേഖരിക്കുന്ന വിശുദ്ധി സേന ദേവസ്വം ബോർഡിന്റെ പാണ്ടിത്താവളത്തുള്ള മൂന്ന് ഇൻസിനിറേറ്ററുകളിലെത്തിച്ചാണ് മാലിന്യം സംസ്കരിക്കുന്നത് . മണിക്കൂറിൽ 700 കിലോയാണ് ഇവിടുത്തെ സംസ്കരണ ശേഷി. പമ്പയിൽ മൂന്ന് ട്രാക്ടറുകളിൽ ഏഴ് തവണയായാണ് മാലിന്യം ശേഖരിക്കുന്നത് . അപ്പാച്ചിമേട് ടോപ്പ് മുതൽ ചാലക്കയം വരെയുള്ള പ്രദേശങ്ങളിൽ നിന്ന് ദിവസവും 21 ലോഡ് മാലിന്യമാണ് ദേവസ്വം ബോർഡിന്റെ പമ്പയിലെ ഇൻസിനിറേറ്ററുകളിൽ സംസ്കരിക്കുന്നത്.

## ഭാര്യയുടെ സഹോദരിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിലെ പ്രതി തൂങ്ങിമരിച്ച നിലയിൽ



ചേർത്തല: ഭാര്യയുടെ സഹോദരിയെ ബലാത്സംഗംചെയ്ത് കൊലപ്പെടുത്തിയ കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കടക്കരപ്പള്ളി നികത്തിൽ രതീഷിനെയാണ് (41) പുലർച്ചെ വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

2021-ലാണ് ഭാര്യയുടെ സഹോദരിയെ വീടിനുള്ളിൽ വെച്ച് ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയത്. കേസിൽ ജാമ്യത്തിൽ പുറത്തിറങ്ങിയ രതീഷ് ഒളിവിൽ പോകുകയായിരുന്നു. മൂന്നാം തീയതി കേസിന്റെ വിചാരണ തുടങ്ങിയിരുന്നു. രതീഷ് ഹാജരാകാതിരുന്നതിനാൽ പോലീസ് അന്വേഷിക്കുന്നതിനിടയിലാണ് ഇന്ന് പുലർച്ചെ വീടിനുള്ളിൽ രതീഷിന്റെ മൃതദേഹം കണ്ടെത്തിയത്. രതീഷിന്റെ ഭാര്യ വിദേശത്താണ്. പട്ടണക്കാട് പോലീസ് കേസെടുത്തിട്ടുണ്ട്.

### സന്ദീപ് വാര്യർ കെ പി സി സി ജന. സെക്രട്ടറി?

ന്യൂഡൽഹി: ബി ജെ പി വിട്ട് കോൺഗ്രസിൽ ചേർന്ന സന്ദീപ് വാര്യർ കെ പി സി സി ജന. സെക്രട്ടറിയായേക്കുമെന്ന് സൂചന. തീരുമാനം വൈകരുതെന്നും സജീവ പ്രവർത്തനത്തിൽ ഇറങ്ങണമെന്നും സന്ദീപ് നേതൃത്വത്തെ അറിയിച്ചു.


**COURT NOTICE**

**BEFORE THE HON'BLE MOTOR ACCIDENTS CLAMES TRIBUNAL, THRISSUR**

OP (MV) No. 1269/2019

Adv. Blaze Briyal Bradly, Aged 73 S/o. Luvice, Cheenikkal Huse, Nedupuzha P.O., Koorkenchery, Thrissur

-Petitioner

Jithin K.J., aged 25, S/o. Jayachandran, Kolathattil HOuse, Chiyyaram P.O., Thrissur-680026

-1st Respondent

Notice to the 1st Respondent in OP MV: 1269/2019 affix on the Honurable MACT Court Thrissur and 1st Respondent's residence which is posted to **10-01-2025.** You are hereby directed to appear before Court on 10-01-2025 at 11.00 am personally or through advocate in case you have any objection failing of which the case will be heard and decided in your absence.

Date this the day day 8th November 2024

**FRANCIS KURIAN** (S/d)

Advocate for Petitioner.


## ദൃഷാനയെ ഇടിച്ചിട്ട് കോമയിലാക്കിയ കാർ കണ്ടെത്തി; പിടികൂടിയത് 10 മാസത്തിനുശേഷം, പ്രതി വിദേശത്ത്



വടകര: വാഹനമിടിച്ച് തലശ്ശേരി പന്ന്യന്നൂർ പഞ്ചായത്ത് ഓഫീസിനുസമീപം താമസിക്കുന്ന 62-കാരി പുത്തലത്ത് ബേബി മരിക്കുകയും മകളുടെ മകൾ 9വയസ്സുകാരി ദൃഷാന ഗുരുതരമായി പരിക്കേറ്റ് കോമയിലാവുകയും ചെയ്ത സംഭവത്തിൽ ഇടിച്ചിട്ട കാർ കണ്ടെത്തിയെന്ന് കോഴിക്കോട് ജില്ലാ പോലീസ് മേധാവി (റൂറൽ) നിധിൻരാജ് ഐ.പി.എസ്. അന്നേദിവസം തലശ്ശേരി ഭാഗത്തേക്ക് പോയ മാരുതി സ്വിഫ്റ്റ് കാർ പിടിച്ചെടുത്തെന്നും വാഹനമോടിച്ച ആർ.സി. ഉടമ പുറമേരി സ്വദേശി ഷജീർ വിദേശത്തേക്ക് കടന്നതായും എസ്.പി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

അശ്രദ്ധമായി വാഹനമോടിക്കുകയും അപകടമുണ്ടാക്കുകയുമായിരുന്നു. അപകടം നടന്നശേഷം പിടിക്കപ്പെടുമെന്ന് കരുതി രക്ഷപ്പെട്ടതാണെന്നും പിന്നീട് കാർ രൂപമാറ്റം വരുത്തിയെന്നും റൂറൽ എസ്.പി. പറഞ്ഞു. അന്ന് പോലീസിന് കിട്ടിയ ദൃശ്യത്തിലുണ്ടായിരുന്ന വെള്ള സ്വിഫ്റ്റ് കാറിന് സമാനമായ വാഹനം ഇൻഷൂറൻസ് ക്ലയിം ചെയ്യാൻ വന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് അന്വേഷിച്ചപ്പോഴാണ് അപകടമുണ്ടാക്കിയ കാറാണെന്ന് വ്യക്തമായത്.

ഈവർഷം ഫെബ്രുവരി 17-ന് രാത്രി വടകരയ്ക്കു സമീപം ചോറോട് അമൃതാനന്ദമയീമഠം സ്റ്റോപ്പിലാണ് അപകടമുണ്ടായത്. രാത്രി 9മണിയോടെ ചോറോടിലെ ബന്ധുവീട്ടിലേക്ക് പോകാനായി ബസ്സിറങ്ങി റോഡ് മുറിച്ചു കടക്കുന്നതിനിടെയാണ് വെള്ളനിറത്തിലുള്ള കാർ ഇരുവരെയും ഇടിച്ചുവീഴ്ത്തിയത്. കാർ നിർത്താതെ പോയി.

ആശുപത്രിയിലെത്തിക്കുമ്പോഴേക്കും ബേബി മരിച്ചു. ദൃഷാന അബോധാവസ്ഥയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കണ്ണൂർ മേലെ ചൊവ്വ വടക്കൻ കോവിൽ സുധീറിന്റെയും സ്മിതയുടെയും മകളാണ് ദൃഷാന. അപകടം നടന്നശേഷം പോലീസ് സമീപത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ചിരുന്നെങ്കിലും തെളിവൊന്നും കിട്ടിയിരുന്നില്ല. പിന്നീട് അന്വേഷണം ഇഴഞ്ഞു. ഇതോടെ ബന്ധുക്കൾ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകി. തുടർന്നാണ് വീണ്ടും അന്വേഷണം ഊർജിതമായത്.


**കോടതി പരസ്യം**

**ബഹുമാനപ്പെട്ട ഒറ്റപ്പാലം MACT മുമ്പാകെ**

OP(MV): 92/2024

അബൂബക്കർ കെ വി, S/o. കുഞ്ഞീതു, കൊട്ടിലവളപ്പിൽ, നാരാകുന്ന്, കപ്പൂർ

-ഹരജിക്കാരൻ

നസീം, S/o. ഇബ്രാഹിം, അമ്മയത്ത് ഹൗസ്, കുറുമ്പത്തൂർ പി ഒ., തിരൂർ, മലപ്പുറം-676301

-2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **06-02-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 06-12-2024

ഹരജിഭാഗം അഡ്വക്കേറ്റ്സ്

**പി. ഡി ജോസ് & പി എസ് ഷോണിത്ത്**

(ഒപ്പ്)

**കോടതി പരസ്യം**

**ബഹുമാനപ്പെട്ട ഒറ്റപ്പാലം MACT മുമ്പാകെ**

OP(MV): 570/2022

മുഹമ്മദ് അഫ്സൽ @ അഫ്സൽ, കപ്പൂർ അങ്ങാടി, പാലക്കാട്

-ഹരജിക്കാരൻ

അഭിനവ് സി കെ, S/o. വാസു, ചോഴിയംകുന്നത്ത് ഹൗസ്, ഒതളൂർ, പട്ടിത്തറ പി ഒ., പാലക്കാട്-679534

-2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **08-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 06-12-2024

ഹരജിഭാഗം അഡ്വക്കേറ്റ്സ്

**പി. ഡി ജോസ് & പി എസ് ഷോണിത്ത്**

(ഒപ്പ്)

